സർക്കാരിന് ഉത്തമബോദ്ധ്യമുള്ള കേസുകൾ പിൻവലിക്കുന്നതിന് അനുമതി നൽകാറില്ല. ഒരു പ്രോസിക്യൂഷൻ കേസ് പിൻവലിക്കാൻ തീരുമാനിച്ചാൽ അതുമായി ബന്ധപ്പെട്ട കൗണ്ടർ കേസുകൾ പിൻവലിക്കുന്നതാണ്. കേസ് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകുന്നത്.

(ബി) ഉണ്ട്.

(സി) 3152 ഉത്തരവുകൾ. വിജിലൻസ് കേസുകൾ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1278 എണ്ണം. വിജിലൻസ് കേസുകൾ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ

148 (153) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സ്ത്രീകളും പെൺകുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 50940 സ്ത്രീപീഡന കേസുകളും 4849 പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 393 സ്ത്രീകളും 89 പെൺകുട്ടികളും കൊലചെയ്യപ്പെട്ടിട്ടുണ്ട്.

ഡിവൈ.എസ്.പി.-ക്കെതിരായ പരാതി

149 (154) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം പാറക്കടവ് പീഡനക്കേസിന്റെ അന്വേഷണത്തിൽ താമരശ്ശേരി ഡിവൈ.എസ്.പി. ജയ്സൺ എബ്രഹാം ഇടപെട്ടത് സംബന്ധിച്ച് സർക്കാരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly